# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.95/2024 തിരുവനന്തപുരം, തീയതി: 02/05/2024

## പത്രക്കുറിപ്പ്

### ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് അപേക്ഷിക്കാം

നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടെയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ത്രിവത്സര നിയമ വിദ്യാർത്ഥികൾക്കും (2020 അഡ്മിഷൻ), കൂടാതെ പഞ്ചവത്സര നിയമ വിദ്യാർത്ഥികൾക്കും (2018 അഡ്മിഷൻ) കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവരും, പരീക്ഷ വിജയിക്കാൻ സാധിക്കാത്ത ഇന്റേണൽ മാർക്ക് പത്തിൽ കുറവുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഒരു പേപ്പറിന് 525/- രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2100/- രൂപ അടയ്ക്കേതാണ്. ഇതിൽ 105/- രൂപ സർവകലാശാല ഫണ്ടിൽ (കെ.യു.എഫ്) അടയ്ക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷാഫോറം പ്രിൻസിപ്പാളിന്റെ അനുമതിയോടു കൂടി 2024 മേയ് 30 നോ അതിനുമുമ്പോ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷഫോറവും മറ്റ് വിശദവി വരങ്ങളും www.keralauniversity.ac.in ൽ ലഭ്യമാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 മെയ് 13 വരെ ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സീറ്റൊഴിവ്

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരംകുളം ഗവ. കെ.എൻ.എം. ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ ആരംഭിക്കുന്ന 6 മാസക്കാലയളവുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (CLISC) കോഴ്സിലേയ്ക്ക് ഏതാനും സീറ്റൊഴിവുണ്ട്. ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 മണി വരെയാണ് ക്ലാസ്സ്. താൽപ്പര്യമുള്ളവർ 9656500596 എന്ന നമ്പരിൽ ബന്ധപ്പെടുക.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (Non SLCM – 2020 അഡ്മിഷൻ വരെ) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 മെയ് 4, 6, 7 തീയതികളിൽ റീവാല്യുവേഷൻ EJ-X (പത്ത്) വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**